# ഇസ്‌ലാമിക വിദ്യാർഥി യുവജനപ്രസ്ഥാനം കേരളത്തിൽ

**ശൈഖ് മുഹമ്മദ് കാരക്കുന്ന്**

ആധുനിക ഭൗതിക ദർശനങ്ങളെയും പ്രത്യയ ശാസ്ത്രങ്ങളെയും വെല്ലുവിളിച്ചും അവയുടെ ദൗർബല്യങ്ങളും പോരായ്മകളും അനാവരണം ചെയ്തും മാനവലോകത്തിന്റെ മുഴു പ്രശ്നങ്ങൾക്കും പരിഹാരം നിർദേശിക്കുന്ന ദൈവിക ജീവിത വ്യവസ്ഥയായ ഇസ്‌ലാമിനെ സമൂഹ സമക്ഷം സമർപ്പിക്കുന്ന ആദർശപ്രസ്ഥാനമെന്ന നിലയിൽ ജമാഅത്തെ ഇസ്‌ലാമി അതിന്റെ ആരംഭകാലം തൊട്ടന്നെ വിദ്യാർഥി യുവജന വിഭാഗങ്ങളെ ആകർഷിച്ചുകൊണ്ടിരുന്നു. വായനാശീലമുള്ള വിദ്യാസമ്പന്നരെയും വിദ്യാർഥികളെയുമാണ് അത് അതിവേഗം സ്വാധീനിച്ചത്. കേരളത്തിൽ മർഹൂം മുഹമ്മദലി ഹാജി സാഹിബിന്റെ നേതൃത്വത്തിൽ ജമാഅത്ത് പ്രവർത്തനമാരംഭിച്ചപ്പോൾ അതുമായി ബന്ധപ്പെട്ടവരിൽ നല്ലൊരു വിഭാഗം യുവാക്കളായിരുന്നു. മറ്റുള്ളവർക്കിടയിലെന്നപോലെ വിദ്യാർഥികൾക്കിടയിലും ജമാഅത്ത് നേരിട്ടാണ് പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്നത്.

ഫാറൂഖ് കോളേജിൽ ഹാജി സാഹിബിന്റെ കാലത്തുതന്നെ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തനമാരംഭിച്ചു കഴിഞ്ഞിരുന്നു. 1960-കളുടെ രണ്ടാം പാതിയിൽ അത് വിദ്യാർഥികൾക്കിടയിൽ അവഗണിക്കാനാവാത്ത സജീവശക്തിയായി മാറി. അവിടത്തെ പ്രവർത്തനങ്ങൾ നിർവഹിച്ചുകൊണ്ടിരുന്നത് ഫറൂഖാബാദ് മുത്തഫിഖ് ഹൽഖയായിരുന്നു. മർഹൂം പൂവഞ്ചേരി മുഹമ്മദ് സാഹിബാണ് അതിന് നേതൃത്വം നൽകിയിരുന്നത്. നിസ്വാർഥനും കർമകുശലനും ത്യാഗസന്നദ്ധനുമായ അദ്ദേഹത്തിന്റെ സജീവ സാന്നിധ്യം ഫാറൂഖ് കോളേജിൽ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ നിർണായക പങ്ക് വഹിച്ചു. ആ ഘട്ടത്തിൽ റൗസത്തുൽ ഉലൂം അറബിക് കോളേജ് വിദ്യാർഥിയായിരുന്ന ഈ ലേഖകനെ ജമാഅത്തുമായി ബന്ധപ്പെടുത്തിയതിൽ മർഹൂം പൂവഞ്ചേരിക്കുള്ള പങ്ക് അനൽപമത്രെ. (അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ).

ഇപ്പോൾ മുസ്‌ലിം ലീഗിന്റെ സംസ്ഥാന സെക്രട്ടറിയും വ്യവസായ മന്ത്രിയുമായ ജനാബ് പി.കെ. കുഞ്ഞാലിക്കുട്ടി ഫറൂഖാബാദ് വിദ്യാർഥി ഹൽഖയിലെ പ്രവർത്തകനും അനുഭാവി (മുത്തഫിഖ്) യുമായിരുന്നു. 1969-ൽ നടന്ന കോളേജ് യൂനിയൻ തെരഞ്ഞെടുപ്പിൽ അദ്ദേഹം സ്ഥാനാർഥിയായി നോമിനേഷൻ നൽകി. ജമാഅത്തുമായി ബന്ധപ്പെട്ട വിദ്യാർഥികൾ കോളേജ്-സ്കൂൾ ഇലക്ഷനുകളിൽനിന്ന് വിട്ടുനിൽക്കുകയായിരുന്നു പതിവ്. അതിന് വിപരീതമായ നിലപാട് കുഞ്ഞാലിക്കുട്ടിയുടെ ഭാഗത്ത് നിന്നുണ്ടായപ്പോൾ ഹൽഖയിലത് ചർച്ചാവിഷയമായി. നിയമസഭയിലേക്കും പാർലമെന്റിലേക്കുമുള്ള തെരഞ്ഞെടുപ്പ് പോലെയല്ല വിദ്യാലയങ്ങളിലെ യൂനിയൻ തെരഞ്ഞെടുപ്പെന്നും അതിനാലത് പ്രചാരണോപാധിയാക്കേണ്ടതാണെന്നും തദവസരത്തിൽ പലരും അഭിപ്രായപ്പെട്ടു. കേരളത്തിൽ ഇസ്‌ലാമിക വിദ്യാർഥി സംഘടനയെ സംബന്ധിച്ച ചിന്തക്ക് തുടക്കം കുറിക്കപ്പെട്ടത് അങ്ങനെയാണ്. നിയമനിർമാണവുമായോ ദൈവത്തിന്റെ പരമാധികാരവുമായോ ബന്ധപ്പെടാത്ത പ്രശ്നമാകയാൽ കോളേജ് യൂനിയൻ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിൽ അപാകതയില്ലെന്ന അഭിപ്രായത്തിലാണ് ഹൽഖയിലെ അധിക അംഗങ്ങളും എത്തിച്ചേർന്നത്. ആ ചർച്ചക്കിടയിൽ വിദ്യാർഥികളിൽ വ്യവസ്ഥാപിതമായും ആസൂത്രിതമായും പ്രവർത്തിക്കാൻ ഒരു സംഘടന ആവശ്യമാണെന്ന ആവശ്യവും പൊന്തിവന്നു. ഹൽഖാംഗങ്ങളിൽ അധികപേരും അതിനെ അനുകൂലിക്കുകയും ചെയ്തു. പ്രസ്തുത ആശയം ജമാഅത്തു നേതൃത്വത്തിന്റെ മുമ്പിൽ സമർപ്പിക്കാൻ തീരുമാനിക്കപ്പെട്ടു. വിഷയം ചർച്ച ചെയ്തു പഠിക്കാനും മനസ്സിലാക്കാനും ജമാഅത്തെ ഇസ്‌ലാമിയുടെ കേരള നേതൃത്വം എം.പി. കുഞ്ഞിമുഹമ്മദ് (എം.പി.കെ) സാഹിബിനെ ചുമതലപ്പെടുത്തി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഫറൂഖ് പേട്ടയിൽ വെച്ച് ഫറൂഖ് കോളേജിലെ ജമാഅത്ത് അനുഭാവികളായ വിദ്യാർഥികളുടെ യോഗം ചേർന്നു. ദീർഘനേരം ചർച്ച നടത്തിയെങ്കിലും എല്ലാവർക്കും തൃപ്തികരമായ തീരുമാനത്തിലെത്താൻ സാധിച്ചില്ല. വിദ്യാർഥി സംഘടന രൂപീകരിക്കാൻ സമയമായിട്ടില്ലെന്ന നിഗമനത്തിലാണ് ചിലരെല്ലാം എത്തിച്ചേർന്നത്.

പിന്നീട് 1969 ഒക്ടോബർ 11-ലെ 'പ്രബോധനം' വാരികയിൽ കെ. മൊയ്തീൻകോയ (ശിവപുരം) ഒരിസ്‌ലാമിക വിദ്യാർഥി സംഘടയുടെ ആവശ്യകതയെപ്പറ്റി ഒരു കുറിപ്പെഴുതി. അതിനനുകൂലമായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ധാരാളം അഭിപ്രായങ്ങൾ വന്നു. അതിൽ പലതും 'പ്രബോധനം' പ്രസിദ്ധീകരിക്കുകയും ചെയ്തു. വിദ്യാർഥി സംഘടനാ രൂപീകരണത്തിൽ ഈ പ്രതികരണങ്ങളും അവയുടേതായ പങ്ക് വഹിച്ചു. തുടർന്ന് ജമാഅത്ത് നേതൃത്വവുമായി നടത്തിയ ചർച്ചയിൽ വിദ്യാർഥികൾക്ക് ഒരിസ്‌ലാമിക സംഘടന ആവശ്യമാണെന്ന കാര്യത്തിൽ എല്ലാവും ഏകോപിച്ചു. അങ്ങനെയാണ് 1970 ഒക്ടോബറിൽ 'ഐഡിയൽ സ്റ്റുഡന്റ്സ് ലീഗ്' (ഐ.എസ്.എൽ) രൂപീകൃതമായത്. ഫാറൂഖ് കോളേജ് ആസ്ഥാനമായി രൂപീകരിക്കപ്പെട്ട അഡ്ഹോക്ക് കമ്മിറ്റിയുടെ കൺവീനർ കെ.പി. കമാലുദ്ദീനും ട്രഷറർ എ.എം. അബ്ദുറഹ്മാനു(കൊടിയത്തൂർ)മായിരുന്നു.

വിദ്യാർഥികൾക്കിടയിൽ മതധാർമികബോധം വളർത്തുക, അച്ചടക്കം നിലനിറുത്തുക, വിദ്യാർഥികളുടെ ന്യായമായ ആവശ്യങ്ങൾ സമാധാനപരമായ മാർഗത്തിലൂടെ സംരക്ഷിക്കുക, സാമൂഹ്യസേവന സംരംഭങ്ങളിലേർപ്പെടുക തുടങ്ങിയവയെല്ലാം ഐ.എസ്.എൽ. അതിന്റെ ലക്ഷ്യമായംഗീകരിച്ചിരുന്നു. കേരളത്തിൽ ഇന്നത്തേക്കാളേറെ യുവജന പ്രക്ഷോഭങ്ങളും വിദ്യാർഥി സമരങ്ങളും നടന്നിരുന്ന കാലമായിരുന്നതിനാൽ ഐ.എസ്.എല്ലിന്റെ ഭിന്നമായ നിലപാട് സമൂഹത്തിൽ ഏറെ ശ്രദ്ധിക്കപ്പെടുകയും പ്രശംസിക്കപ്പെടുകയുമുണ്ടായി.

ഐ.എസ്.എൽ. രൂപീകരിക്കപ്പെടുന്നതിനു മുമ്പ് തന്നെ കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും ജമാഅത്തുമായി ബന്ധപ്പെട്ട ധാരാളം വിദ്യാർഥികളുണ്ടായിരുന്നു. അതിനാൽ സംഘടന രൂപീകരിച്ച് അധിക നാൾ കഴിയുന്നതിന് മുമ്പേ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി ഘടകങ്ങൾ നിലവിൽ വന്നു. സംഘടനയുടെ ആദർശലക്ഷ്യങ്ങളും നയപരിപാടികളും അംഗീകരിച്ച് നടപ്പാക്കാൻ സന്നദ്ധരായ ആറു പേർ ഒരു വിദ്യാലയത്തിലുണ്ടെങ്കിൽ അവിടെ

യൂനിറ്റ് രൂപീക്കിക്കാമെന്നതായിരുന്നു വ്യവസ്ഥ. 1972-ൽ ഐ.എസ്.എല്ലിന്റെ ഒന്നാം സംസ്ഥാന സമ്മേളനം നടക്കുമ്പോൾ അതിന് അഞ്ഞൂറോളം പ്രവർത്തകരും അമ്പതിലേറെ ഘടകങ്ങളുമുണ്ടായിരുന്നു. പ്രഥമ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് കേരളത്തിലെ പ്രമുഖരായ എഴുത്തുകാരെ പങ്കെടുപ്പിച്ച് കനപ്പെട്ട ഒരു സൊവനീറും 'ഐഡിയൽ സ്റ്റുഡന്റ്സ് ലീഗ്' പ്രസിദ്ധീകരിക്കുകയുണ്ടായി.

മൂന്നു വർഷങ്ങൾക്കു ശേഷം 1979 ജനുവരി 18,19 തിയതികളിൽ രണ്ടാം സംസ്ഥാന സമ്മേളനം നടക്കുമ്പോഴേക്കും ഐ.എസ്.എൽ വിദ്യാർഥികൾക്കിടയിൽ അറിയപ്പെടുന്ന സംഘടനയും സജീവ ശക്തിയുമായി മാറി. പ്രസ്തുത സമ്മേളനം പ്രചാരണരംഗത്ത് വമ്പിച്ച പങ്കു വഹിക്കുകയും ചെയ്തു. ഇന്റർനാഷനൽ ഇസ്ലാമിക് ഫെഡറേഷൻ ഓഫ് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ (IIFSO) ന്റെ ജനറൽ സെക്രട്ടറിയായിരുന്ന ഡോ. അഹമ്മദ് തൂതഞ്ചിയുടെ സാന്നിധ്യം സംസ്ഥാന സമ്മേളനം ആകർഷവും ശ്രദ്ധേയവുമാക്കി ത്തീർത്തു. ഇന്ത്യയിലെ ഇതര ഭാഗങ്ങളിലെ വിദ്യാർഥി സംഘടനാ പ്രതിനിധികളും ഈ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. സമ്മേളനാനന്തരം 1975 ജനുവരി 20-ന് ഡോ. തൂതഞ്ചിയുടെ സാന്നിധ്യത്തിൽ വിവിധ സംസ്ഥാനങ്ങളിലെ സംഘടനാ പ്രതിനിധികൾ കോഴിക്കോട്ടെ ഒരു ലോഡ്ജിൽ ഒത്തുകൂടുയും അഖിലേന്ത്യാ തലത്തിൽ ഒരു ഫെഡറേഷൻ രൂപീകരണത്തെ സംബന്ധിച്ച് ആലോചിക്കുകയും ചെയ്തു.

1975 ജനുവരി 18-ന് നടന്ന തെരഞ്ഞെടുപ്പിൽ ഐ.എസ്.എൽ. സംസ്ഥാന പ്രസിഡന്റായി എ.ഐ. റഹ്മത്തുല്ലയും സെക്രട്ടറിയായി കെ.പി. കമാലുദ്ദീനും തെരഞ്ഞെടുക്കപ്പെട്ടു. അതേവരെ സംസ്ഥാന പ്രസിഡന്റ് കെ.പി. കമാലുദ്ദീനും സെക്രട്ടറി എൻ.കെ. അഹ്മദുമായിരുന്നു.

**പരിച്ചുവിടൽ**

രണ്ടാം സംസ്ഥാന സമ്മേളനത്തിനു ശേഷം സംഘടന കൂടുതൽ സജീവവും പ്രവർത്തനം കൂടുതൽ വിപുലമായിക്കൊണ്ടിരിക്കെ, 1975 ജൂൺ 26-ന് അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടു. ജൂലൈ 4-ന് ജമാഅത്തെ ഇസ്ലാമി നിരോധിക്കപ്പെടുകയും ചെയ്തു. അധികം താമസിയാതെ ഐ.എസ്.എൽ. പിരിച്ചുവിടപ്പെട്ടു. ഈ ലേഖകനുൾപെടെയുള്ള അന്നത്തെ സംസ്ഥാന എക്സിക്യൂട്ടീവ് അംഗങ്ങൾ, ജമാഅത്തെ ഇസ്ലാമി കേരള അമീർ ജനാബ് ടി.കെ. അബ്ദുല്ല സാഹിബ് തുടങ്ങിയവരെല്ലാം, പിരിച്ചുവിട്ട വിവരമറിഞ്ഞത് പത്രത്തിലൂടെയാണ്. ഒരു ദിവസം രാവിലെ സ്കൂളിൽ ചെന്നപ്പോൾ ഐ.എസ്.എൽ പിരിച്ചുവിട്ടതായുള്ള അറിയിപ്പ് 'ചന്ദ്രിക'യിൽ കണ്ടു. ഉടനെ അടക്കാനാവാത്ത വേദനയോടെ സ്കൂൾ വിട്ടിറങ്ങി സംസ്ഥാന പ്രസിഡന്റിനെ അദ്ദേഹത്തിന്റെ ഭാര്യാവീട്ടിൽ ചെന്നുകണ്ട് രൂക്ഷമായ ഭാഷയിലും ശൈലിയിലും പിരിച്ചുവിടൽ നടപടിയെ ആക്ഷേപിക്കുകയും അമർഷം രേഖപ്പെടുത്തുകയും ചെയ്തു. പിരിച്ചുവിടാനുണ്ടായ കാരണം സംബന്ധിച്ച് നൽകപ്പെട്ട വിശദീകരണം ഒട്ടും തൃപ്തികരമാവാതിരുന്നതിനാൽ മനോവിഷമത്തിന് ഒട്ടും ശമനം ലഭിച്ചില്ല.

ഐ.എസ്.എൽ. പിരിച്ചുവിടപ്പെട്ടെങ്കിലും അടിയന്തരാവസ്ഥയുടെ ഇരുണ്ട നാളുകളിലും അടങ്ങിയൊതുങ്ങിക്കൂടുക സാധ്യമായിരുന്നില്ല. വിദ്യാർഥി യുവജനങ്ങൾക്കിടയിൽ വളർത്തിയെടുത്ത ഇസ്ലാമിക ബോധവും ആവേശവും മങ്ങലേൽക്കാതെ നിലനിർത്താനാവശ്യമായ മാർഗങ്ങളെ സംബന്ധിച്ച് ആലോചിക്കാനായി 1975 ആഗസ്റ്റ് മൂന്നിന് സി.എച്ച്. അബ്ദുൽ ഖാദിറിന്റെ കൂട്ടിലങ്ങാടിയിലെ വീട്ടിൽ ഒരു യോഗം നടന്നു. സി.എച്ചിനെയും ഈ ലേഖകനെയും കൂടാതെ എം.എ. റഹ്മാൻ, എ. അബ്ദുൽ ജലീൽ (ശാന്തപുരം) നിഅ്മത്തുല്ല, എം.എ. മജീദ് (കൂട്ടിലങ്ങാടി), എം.എ. കാരപ്പഞ്ചേരി എന്നിവർ അതിൽ സംബന്ധിച്ചു. പരസ്യപ്രവർത്തനം സാധ്യമല്ലാത്ത പശ്ചാത്തലത്തിൽ വിദ്യാർഥി യുവജനങ്ങൾക്കിടയിൽ രഹസ്യമായി പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോവാനും വാരാന്തയോഗങ്ങൾ മുടങ്ങാതെ നടത്താൻ നിർദേശം നൽകാനും നിശ്ചയിച്ചുകൊണ്ടാണ് സംഗമം പിരിഞ്ഞത്. പിന്നീട് സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ വെച്ചും നേതൃതല യോഗങ്ങൾ നടന്നു. പ്രവർത്തകർ നിശ്ചലരും നിഷ്ക്രിയരും ആവാതിരിക്കാനാവശ്യമായ നടപടികളാണ് അക്കാലത്ത് ആവിഷ്കരിച്ചിരുന്നത്.

1976 ജനുവരി 26-ന് അലീഗറിലെ ഇസ്ലാമിക വിദ്യാർഥി പ്രസ്ഥാനത്തിന്റെ നേതാവായിരുന്ന അഹ്മദുല്ലാ സിദ്ദീഖി തന്റെ അഖിലേന്ത്യാ പര്യടനത്തിന്റെ ഭാഗമായി കോഴിക്കോട്ടെത്തിച്ചേർന്നു. അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ആരാധനാ ടൂറിസ്റ്റ്ഹോമിൽ ചേർന്ന കൂടിയാലോചനാ യോഗത്തിൽ ഉസ്മാൻ തറുവായി, കെ.പി. കമാലുദ്ദീൻ, അബ്ദുല്ല ചേളന്നൂർ, എ.ഐ. റഹ്മത്തുല്ല, ജമാൽ മുഹമ്മദ്, ഈ ലേഖകൻ എന്നിവർ സംബന്ധിച്ചു. സംസ്ഥാനത്തെ വിദ്യാർഥി യുവജനങ്ങൾക്കിടയിലെ പ്രവർത്തനങ്ങൾ നടത്താനായി 'അൻസാറുൽ ഇസ്ലാം സംഘം' എന്ന പേരിൽ ഒരു വേദി ഉണ്ടാക്കാൻ തീരുമാനിച്ചാണ് അന്ന് പിരിഞ്ഞത്. അതനുസരിച്ച് രൂപീകരിക്കപ്പെട്ട അൻസാറുൽ ഇസ്ലാം സംഘത്തിന്റെ ഭാരവാഹികൾ പ്രൊഫസർ എം. മൊയ്തീൻകുട്ടി സാഹിബ്, ഉസ്മാൻ തറുവായി, എം.സി.സി. റഷീദ്, എം.എം. റഹ്മാൻ, മുഹമ്മദുകുട്ടി (കൊണ്ടോട്ടി) എന്നിവരായിരുന്നു. ഈ ലേഖകൻ കേരളം, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലെ സംഘാടകനായി നിശ്ചയിക്കപ്പെട്ടു. 'അൻസാറുൽ ഇസ്ലാം സംഘ'ത്തിന് ശാഖകൾ ഉണ്ടാക്കേണ്ടതില്ലെന്നും ഓരോ പ്രദേശത്തും വ്യത്യസ്തമായ പേരിൽ പ്രാദേശിക സംഘടനകൾ രൂപീകരിച്ചാൽ മതിയെന്നുമായിരുന്നു തീരുമാനം. അതനുസരിച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത പേരുകളിൽ വിദ്യാർഥി യുവജനവേദികൾ രൂപംകൊണ്ടു. ഇസ്ലാമിക് ചേമ്പർ ഫാറൂഖാബാദ്, മുസ്ലിം യൂത്ത് മൂവ്മെന്റ് ഫറോക്, ഇസ്ലാമിക് സ്റ്റഡി സർക്കിൾ കടലുണ്ടി, ഇസ്ലാമിക് യൂത്ത് ഫോഴ്സ് ബത്തേരി, ഇസ്ലാമിക് കൾച്ചറൽ സൊസൈറ്റി ചേളന്നൂർ, മുസ്ലിം യൂത്ത്സ് ആന്റ് സ്റ്റുഡന്റ്സ് അസോസിയേഷൻ കൊടിയത്തൂർ, ഇസ്ലാമിക് സർവീസ് ബ്യൂറോ കരുവമ്പൊയിൽ, യൂത്ത് സർവന്റ്സ് ഓർഗനൈസേഷൻ കൊടുവള്ളി, ഇസ്ലാമിക് യൂത്ത് ഫെഡറേഷൻ സലാമത്ത് നഗർ, ഇസ്ലാമിക് കൾച്ചറൽ അസോസിയേഷൻ വണ്ടൂർ, മുസ്ലിം കൾച്ചറൾ അസോസിയേഷൻ കൂട്ടിലങ്ങാടി തുടങ്ങി പല പേരുകളിലും ഇത്തരം പ്രാദേശിക സംഘടനകൾ രൂപീകരിച്ച് പ്രവർത്തിച്ചുപോന്നു. ഓരോ പ്രദേശത്തെയും ജമാഅത്തെ ഇസ്ലാമിയുടെയും ഐ.എസ്.എല്ലിന്റെയും പ്രവർത്തകരാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്നത്. എന്നാൽ ഈ പ്രവർത്തനങ്ങൾക്കു രൂപം നൽകുന്ന സംസ്ഥാന തലത്തിലുള്ള സമിതിയെ സംബന്ധിച്ച് ആർക്കും അറിവുണ്ടായിരുന്നില്ല.

**രസകരമായ ഒരനുഭവം**

കേരളത്തിലെ വിവിധ ഭാഗങ്ങളിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനും ഭാവിപരിപാടിൾക്ക് രൂപം നൽകാനുമായി സംസ്ഥാന സമിതി കോഴിക്കോട് നഗരത്തിലെ വ്യത്യസ്ത ലോഡ്ജുകളിലാണ് യോഗം ചേർന്നുകൊണ്ടിരുന്നത്. അക്കാലത്ത് ലോഡ്ജുകളിൾ പോലീസും രഹസ്യാമ്പേഷണ വിഭാഗവും പരിശോധന നടത്തുന്നത് സംബന്ധിച്ച് ധാരാളം കേട്ടുകൊണ്ടിരുന്നു. അതിനാൽ വളരെ രഹസ്യമായാണ് കേന്ദ്ര സമിതി (അതിന് പ്രത്യേക പേരുണ്ടായിരുന്നില്ല) യോഗം ചേർന്നിരുന്നത്. ഒരു ദിവസം കോഴിക്കോട്ടെ ആരാധനാ ടൂറിസ്റ്റ് ഹോമിലെ ഒരു മുറിയിൽ അത്തരമൊരു യോഗം കഴിഞ്ഞ ശേഷം രാത്രി അലീഗറിൽ നിന്നുവന്ന ഒരു പ്രവർത്തന പരിപാടി പരിഭാഷപ്പെടുത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഉസ്മാൻ തറുവായിയും പി. കോയ സാഹിബുമാണ് കൂടെ ഉണ്ടായിരുന്നത്. രാത്രി ഒമ്പതു മണി കഴിഞ്ഞ ശേഷം വാതിലിന് ശക്തിയായി ചവിട്ടുന്ന ശബ്ദം കേട്ടു. പോലിസുകാരായിരിക്കും അതെന്ന് ഉറപ്പിച്ചു. അടിയന്തരാവസ്ഥയിൽ പ്രവർത്തനരംഗത്തിറങ്ങുമ്പോൾ, പിടികൂടപ്പെട്ടാൽ പ്രവർത്തനങ്ങളെ സംബന്ധിച്ച് യാതൊരു വിവരവും നൽകുകയില്ലെന്ന് കേന്ദ്ര സമിതിയിലുള്ളവരെല്ലാം അല്ലാഹുവിന്റെ പേരിൽ പ്രതിജ്ഞ

ചെയ്തിരുന്നു. അതിനാൽ രഹസ്യം പുറത്താവാതിരിക്കാനായി പരിപാടിയുടെ ഇംഗ്ലീഷിലുള്ള കോപ്പിയും പരിഭാഷയും കീറി ചെറിയ കഷ്ണങ്ങളാക്കി ക്ലോസെറ്റിലിട്ട് വെള്ളമൊഴിച്ചു. അപ്പോഴും വാതിലിന്മേലുള്ള ചവിട്ട് കൂടുതൽ ശക്തിയായി തുടരുകയായിരുന്നു. തിരിച്ചുവന്ന് വാതിൽ മെല്ലെ തുറന്നു. അപ്പോഴാണ് ഞങ്ങൾക്ക് സംഭവിച്ച അബദ്ധം മനസ്സിലായത്. ഞങ്ങളുടെ മുറിയുടെ തൊട്ടുമുന്നിലുള്ള ഇന്ത്യൻ കാഫി ഹൗസിന്റെ വാതിൽ അടയാത്തതിനാൽ ചവിട്ടി അടക്കുകയായിരുന്നു അവർ. ഞങ്ങൾ ജാള്യതയോടെ മുറിയിലേക്ക് ഉൾവലിഞ്ഞു. ഓർമയിൽനിന്ന് പ്രവർത്തന പരിപാടി എഴുതിയുണ്ടാക്കുകയും ചെയ്തു.

**തെരഞ്ഞെടുപ്പ് ലഘുലേഖ**

1977 മാർച്ചിൽ പൊതു തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടു. മാർച്ച് 6-ന് മദ്രാസിലെ ഡോക്ടർ ഹബീബ് മുഹമ്മദിന്റെ വാസസ്ഥലത്ത് വെച്ച് നടന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പ്രവർത്തകരുടെ യോഗം കഴിഞ്ഞ് മടങ്ങിവരവെ ഈ ലേഖകനും ഉസ്മാൻ തറവായിയും പി. കോയ സാഹിബും കൂടി ഇലക്ഷനിൽ എന്ത് നിലപാട് സ്വീകരിക്കണമെന്ന് ആലോചിക്കുകയും പരസ്പരം ചർച്ച നടത്തുകയും ചെയ്തു. അങ്ങനെയാണ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് പൗരാവകാശങ്ങൾ ധ്വംസിക്കുകയും ഇസ്‌ലാമിക പ്രസ്ഥാനത്തെ നിരോധിക്കുകയും ചെയ്ത ഇന്ദിരാഗാന്ധിയെയും അവരുടെ കക്ഷിയെയും പരാജയപ്പെടുത്താൻ സാധ്യമായതെല്ലാം ചെയ്യണമെന്ന് തീരുമാനിക്കപ്പെട്ടത്. നാട്ടിലെത്തിയ ഉടനെ പ്രൊഫ. എം. മൊയ്തീൻകുട്ടി സാഹിബിന്റെ അധ്യക്ഷതയിൽ ബന്ധപ്പെട്ട സമിതിയുടെ യോഗം ചേർന്നു. ഒരു ലഘുലേഖ തയാറാക്കുവാനും അതിന്റെ സാധ്യമാവുന്നത്ര കോപ്പികൾ വിതരണം നടത്താനും തീരുമാനിച്ചു. അങ്ങനെ അന്നത്തെ പ്രതിപക്ഷ കക്ഷികളെ സഹായിക്കാൻ ആഹ്വാനം ചെയ്യുന്നതും അടിയന്തരാവസ്ഥയിലെ ക്രൂരതകൾ അനാവരണം ചെയ്യുന്നതുമായ ലഘുലേഖ വ്യാപകമായി വിതരണം ചെയ്യപ്പെട്ടു. ദേശാഭിമാനി ദിനപത്രം പ്രസ്തുത ലഘുലേഖ പുനഃപ്രകാശനം ചെയ്തു.

**ഐ.വൈ.എസ്.എഫ്.**

1977 മാർച്ച് 19-ന് നടന്ന പൊതു തെരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധിയും അവരുടെ കക്ഷിയും ദയനീയമായി പരാജയപ്പെട്ടു. അതോടെ ജമാഅത്തെ ഇസ്‌ലാമിയുടെ മേലുള്ള നിരോധം നീക്കം ചെയ്യപ്പെട്ടു. കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ അടിയന്തരാവസ്ഥക്കാലത്ത് ആസൂത്രിതമായി പ്രവർത്തിച്ചുകൊണ്ടിരുന്ന യുവജന സംഘടനകൾക്ക് നേതൃത്വം നൽകിയിരുന്ന സമിതി പരസ്യമായി രംഗത്ത് വരികയും ഇസ്‌ലാമിക് യൂത്ത് ഫ്രന്റ് (ഐ.വൈ.എഫ്) എന്ന പേര് സ്വീകരിക്കുകയും ചെയ്തു. 1977 ഏപ്രിൽ 2-നാണ് ഐ.വൈ.എഫ്. ഔപചാരികമായി രൂപീകരിക്കപ്പെട്ടത്. അതിന്റെ കീഴിൽ മേയ് 7,8 തിയതികളിൽ ശാന്തപുരത്തു നടന്ന വിദ്യാർഥി യുവജന ക്യാമ്പ് എന്തുകൊണ്ടും ഏറെ ശ്രദ്ധേയമായിരുന്നു. പിന്നീട് ജമാഅത്തെ ഇസ്‌ലാമി അമീർ ടി.കെ. അബ്ദുല്ല സാഹിബുമായി കൂടിയാലോചിച്ച് വിദ്യാർഥികളുടെ കൂടി പ്രാതിനിധ്യം പേരിൽ ഉണ്ടാവത്തക്കവിധം ഐ.വൈ. എഫ് എന്നത് ഇസ്‌ലാമിക് യൂത്ത് ആന്റ് സ്റ്റുഡന്റ്സ് ഫ്രന്റ് (ഐ. വൈ.എസ്.എഫ്) ആക്കി മാറ്റി. 1977 മെയ് 17-നായിരുന്നു ഇത്. തുടർന്ന് ജില്ലാ കൺവെൻഷനുകൾ സംഘടിപ്പിച്ച് ജില്ലാ സമിതികൾ രൂപീകരിക്കുകയും ചെയ്തു. സംഘടനയെ പരിചയപ്പെടുത്തുന്ന ഒരു ലഘുലേഖയും അച്ചടിച്ചു വിതരണം ചെയ്തു.

**'സിമി' രൂപീകരണം**

1977 ഏപ്രിൽ 16 മുതൽ 18 വരെ ഉമറാബാദ് ദാറുസ്സലാമിന്റെ ജൂബിലി ആഘോഷമായിരുന്നു. അതിൽ സംബന്ധിച്ച ശേഷം മദ്രാസ് വഴി അലീഗറിലേക്ക് പുറപ്പെട്ടു. ഏപ്രിൽ 24, 25 തിയതികളിൽ അവിടെ നടക്കുന്ന വിദ്യാർഥി യുവജന സംഘടനാ നേതാക്കളുടെ യോഗത്തിൽ സംബന്ധിക്കയായിരുന്നു ലക്ഷ്യം. കേരളത്തിൽനിന്ന് ഉസ്മാൻ തറുവായിയും അവിടെ എത്തിച്ചേർന്നു. അങ്ങനെ കേരളത്തെ പ്രതിനിധീകരിച്ച് ഞങ്ങൾ രണ്ടുപേരും മറ്റ് സംസ്ഥാനങ്ങളിൽനിന്ന് എത്തിച്ചേർന്നവരും രണ്ട് ദിവസം യോഗം ചേർന്നു. അവിടെ വെച്ചാണ് സ്റ്റുഡന്റ്സ് ഇസ്‌ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ (സിമി) രൂപീകരിക്കപ്പെട്ടത്. വിവിധ സംസ്ഥാനങ്ങളിൽ ജമാഅത്തെ ഇസ്‌ലാമിയുടെ മേൽനോട്ടത്തിലും സഹായ സഹകരണങ്ങളോടും പ്രവർത്തിച്ചുകൊണ്ടിരുന്ന സംഘടനാ പ്രതിനിധികളാണ് അലീഗറിൽ ഒത്തുകൂടിയത്. അതുകൊണ്ട്തന്നെ 'സിമി' രൂപീകരണ വിവരം ജമാഅത്ത് കേന്ദ്ര നേതൃത്വത്തെ അറിയിച്ച് സമ്മതവും ആവശ്യമായ ഉപദേശ നിർദേശങ്ങളു നേടാൻ പ്രസിഡന്റിനെയും സെക്രട്ടറിയെയും ചുമതലപ്പെടുത്തിക്കൊണ്ടാണ് യോഗം പിരിഞ്ഞത്.

1977 ഏപ്രിൽ 25-ന് 'സിമി' രൂപീകരിക്കപ്പെട്ടുവെങ്കിലും കേരള ഘടകം നിലവിൽവന്നത് ഒക്ടോബർ രണ്ടിനു മാത്രമാണ്. കോഴിക്കോട് ജമാഅത്തെ ഇസ്‌ലാമി ഓഫീസിൽ ഈ ലേഖകന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽവെച്ച് പി.എം.എ. സലാം ചെയർമാനായ 14 അംഗങ്ങളുള്ള അഡ്ഹോക് കമ്മിറ്റി രൂപീകരിക്കപ്പെട്ടു.

ഇതര സംസ്ഥാനങ്ങളിലെന്നപോലെ കേരളത്തിലും ജമാഅത്തെ ഇസ്‌ലാമിയുടെ സഹായ സഹകരണങ്ങളോടെയാണ് സിമി പ്രവർത്തിച്ചുകൊണ്ടിരുന്നത്. 1981 ജനുവരി രണ്ടിന് കോഴിക്കോട് വെച്ച നടന്ന പ്രഥമ സംസ്ഥാന സമ്മേളനം സിമിയുടെ മൂന്നര വർഷത്തെ വളർച്ചയും ശക്തിയും വിളിച്ചറിയിക്കുന്നതായിരുന്നു. ഐ.ഐ.എഫ്.എസ്.ഒ.യുടെ പ്രതിനിധി ഡോക്ടർ അഹ്മദ് ത്വാഹാൻ സംബന്ധിച്ച പ്രസ്തുത യോഗത്തിൽ ജനാബ് ടി.കെ. അബ്ദുല്ല സാഹിബ് ചെയ്ത പ്രസംഗം പലതുകൊണ്ടും ഏറെ ശ്രദ്ധേയമായിരുന്നു. 'സിമി'യുടെ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ സമ്മേളനവും പ്രകടനവും അതു തന്നെയായിരുന്നു.

**നയപരമായ ഭിന്നത**

'സിമി' ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാർഥി-യുവജന സംഘടനയായാണ് അറിയപ്പെട്ടിരുന്നത്. അത് സ്വാഭാവികവുമായിരുന്നു. കാരണം, 'സിമി'യുടെ പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാവിധ സഹായ സഹകരണങ്ങളും ചെയ്തുകൊണ്ടിരുന്നത് ജമാഅത്തായിരുന്നു. പല വേദികളിലും സിമി പ്രവർത്തകർ ജമാഅത്തിനെയും ജമാഅത്ത് പ്രവർത്തകർ സിമിയെയും പ്രതിനിധീകരിക്കുക പതിവായിരുന്നു. 'സിമി'യുടെ പ്രവർത്തനത്തിൽ ജമാഅത്ത്കാരും ജമാഅത്ത് പ്രവർത്തനങ്ങളിൽ സിമിക്കാരും സജീവമായി പങ്കെടുക്കുകയും ചെയ്തുകൊണ്ടിരുന്നു. ജമാഅത്തെ ഇസ്‌ലാമിക്ക് 'സിമി'യുള്ള അധിക സ്ഥലങ്ങളിലും വേറെ വിദ്യാർഥി-യുവജന വിഭാഗം ഉണ്ടായിരുന്നില്ല.

അതേസമയം സിമിക്കും ജമാഅത്തിനുമിടയിൽ ഔദ്യോഗികമായ ബന്ധമൊന്നും ഉണ്ടായിരുന്നില്ല. 'സിമി'യുടെ നയപരിപാടികളും പ്രവർത്തനങ്ങളും രൂപപ്പെടുത്തിയിരുന്നത് അതിന്റെ ഭാരവാഹികളായിരുന്നു. അഥവാ, അതിന്റെ നയരൂപീകരണത്തിൽ ജമാഅത്തിന് എന്തെങ്കിലും പങ്കോ സ്വാധീനമോ ചെലുത്താൻ സാധിക്കുമായിരുന്നില്ല. തൽഫലമായി ജമാഅത്തിന്റെയും സിമിയുടെയും നയപരിപാടികളിലും സമീപനങ്ങളിലും അന്തരവും ഭിന്നതയും പ്രകടമായി. അത് ഗുരുതരമായ ഒട്ടേറെ പ്രശ്നങ്ങൾക്കും പരസ്പരമുള്ള അകൽച്ചകൾക്കും കാരണമാവുകയും ചെയ്തു.

ഈ പശ്ചാത്തലത്തിലാണ് ജമാഅത്തിന് ശരിയായ നിയന്ത്രണത്തിലുള്ള ഒരു വിദ്യാർഥി സംഘടനയെക്കുറിച്ച ചിന്ത ഉയർന്നുവന്നത്.

**എസ്.ഐ.ഒ. രൂപീകരണം**

അതേസമയം ഇസ്‌ലാമിക പ്രസ്ഥാനത്തിനകത്ത് ഒന്നിലധികം വിദ്യാർഥി സംഘടനകൾ ഉണ്ടാകരുതെന്നും ജമാഅത്തെ ഇസ്‌ലാമി ആത്മാർഥമായാഗ്രഹിച്ചു. ഒന്നിൽ കൂടുതൽ സംഘടനകളുണ്ടാവുന്നത് ശക്തി ശിഥിലമാവാനും പ്രവർത്തനങ്ങൾ വേണ്ടവിധം വിജയകരവും ഫലപ്രദവുമാവാതിരിക്കാനും ഇടയാവും. അതിനാൽ ഇന്ത്യയിലെ വിവിധ വിദ്യാർഥി സംഘടനകളെ ഒരേ വേദിയിൽ ഒരുമിച്ചു കൂട്ടാനായിരുന്നു ജമാഅത്തിന്റെ ശ്രമം. ചില സംസ്ഥാനങ്ങളിൽ സിമി പ്രവർത്തിച്ചിരുന്നില്ല. മറ്റ് ചില സംഘടനകളാണ് ജമാ

അത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്നത്. അപൂർവം ചില സംസ്ഥാനങ്ങളിൽ സിമിയും മറ്റ് സംഘടനകളും ഒരേസമയം നിലനിന്നിരുന്നു. സിമിയെ കൂടാതെ ഇവ്വിധം ആറേഴു സംഘടനകളുണ്ടായിരുന്നു. അവയുടെ മൂന്ന് വീതം പ്രതിനിധികളെയും സിമിയുടെ അഞ്ച് പ്രതിനിധികളെയും ഉൾപെടുത്തി ജമാഅത്തിന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ഒരു സംഘടന രൂപീകരിക്കുന്നതിനെ സംബന്ധിച്ച് സുദീർഘമായ ചർച്ചകൾ നടത്തി. രണ്ടു വർഷത്തോളം ഇതിനുവേണ്ടി ജമാഅത്ത് വിനിയോഗിച്ചു. നാലഞ്ചു തവണ യോഗങ്ങൾ വിളിച്ചുചേർക്കുകയും ചെയ്തു. ഇത്രയും ദീർഘമായ കാലമെടുത്ത് നിരന്തര ശ്രമങ്ങൾ നടത്തിയത് ഭിന്നിപ്പ് ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു. അവസാനം 1981 ഫെബ്രുവരി 11-ന് നടന്ന സിമി മലപ്പുറം ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് കോഴിക്കോട് വെച്ച് ചേർന്ന വിവിധ വിദ്യാർഥി സംഘടനാ പ്രതിനിധികളുടെ യോഗം ജമാഅത്തെ ഇസ്‌ലാമിയുടെ മേൽനോട്ടത്തിൽ ഒരു വിദ്യാർഥി-യുവജന സംഘടന രൂപീകരിക്കുകയെന്ന ആശയം തത്വത്തിൽ അംഗീകരിച്ചു. മൗലാനാ ശഫീഅ് മുനീസ്, അബ്ദുൽ അസീസ് സാഹിബ്, സിറാജുൽ ഹസൻ സാഹിബ് തുടങ്ങിയവരാണ് ജമാഅത്തിനെ പ്രതിനിധീകരിച്ച് ചർച്ചകളിൽ പങ്കെടുത്തിരുന്നത്.

ജമാഅത്തിന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ഒരൊറ്റ വിദ്യാർഥി യുവജന സംഘടന ആവാമെന്ന് 'സിമി'യും അംഗീകരിച്ചെങ്കിലും ആ ബന്ധം ലിഖിതമാവരുതെന്നും അലിഖിതമായിരുന്നാൽ മതിയെന്നും വാദിച്ചു. ജമാഅത്ത് അതംഗീകരിച്ചില്ല. അപ്പോൾ 'സിമി' നേതൃത്വം തങ്ങളുടെ അൻസാർ യോഗം വിളിച്ചു ചേർത്ത് പ്രശ്നം അവതരിപ്പിച്ച് അഭിപ്രായമാരാഞ്ഞ ശേഷം വിവരം അറിയിക്കാമെന്ന് ജമാഅത്ത് നേതൃത്വത്തോട് പറഞ്ഞു. 'സിമി' നേതൃത്വത്തെ സംബന്ധിച്ചിടത്തോളം മറ്റു മാർഗമുണ്ടായിരുന്നില്ല. നിർഭാഗ്യവശാൽ 'സിമി'യുടെ അൻസാർ കോൺഫ്രൻസ് ആദ്യം എത്തിയേടത്തു നിന്ന് കുറെകൂടി പിറകോട്ട് പോവുകയാണുണ്ടായത്. അങ്ങനെ 'സിമി' സ്വതന്ത്രമായി നിലനിൽക്കാൻ തീരുമാനിച്ചു. ജമാഅത്ത് മറ്റ് സംഘടനകളെയെല്ലാം ചേർത്ത് അതിന്റെ പൂർണ നിയന്ത്രണത്തിൽ ഒരു വിദ്യാർഥി യുവജന സംഘടന രൂപികരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. അങ്ങനെയാണ് 1982 ഒക്ടോബർ 19-ന് സ്റ്റുഡന്റ്സ് ഇസ്‌ലാമിക് ഓർഗനൈസേഷൻ നിലവിൽവന്നത്. എന്നാൽ, കേരളത്തിൽ എസ്.ഐ.ഒ.വിന്റെ ഘടകം നിലവിൽവന്നത് പിന്നെയും അഞ്ച് മാസങ്ങൾ പിന്നിട്ട ശേഷമാണ്. 1983 ഫെബ്രുവരി 19,20 തിയതികളിൽ നടന്ന ദഅ്‌വത്ത് നഗർ സമ്മേളനത്തിൽ പ്രവർത്തകരെല്ലാം വ്യാപൃതരായിരുന്നുവെന്നതാണിതിനു കാരണം.